വിഷയം : കടൽത്തീരത്ത് മഴ നനയുന്ന പെൺകുട്ടി..

# 7-ൽ നിന്നും 9-ലേക്ക്....

പാഞ്ഞുവന്ന കാലിന്റെ പ്രഹരമേറ്റ് കുതിച്ച പന്ത് ഗോൾ പോസ്റ്റിന്റെ വലയിലകപ്പെട്ടു; ഒപ്പം അവന്റെ മനസ്സും. ഗോളടിച്ച ടീമിനോടൊപ്പം ആഹ്ലാദം പങ്കിടുകയാണെന്ന വ്യാജേന അവൻ മനസ്സിന്റെ കുരുക്കഴിച്ചു... മനസ്സെപ്പോഴും ചഞ്ചലമാണ്... അതങ്ങനെയാണ്, എന്താണതിന്റെ കാരണമെന്നറിയില്ല! ചിലപ്പോൾ ഒന്നിന്റെ പിന്നാലെ പായും, മറ്റ് ചിലപ്പോൾ വേറെയെന്തിലെങ്കിലും ചെന്ന് ഒടക്കും...

വെൺമേഘങ്ങൾ നീന്തുന്ന ആകാശത്തിലേക്ക് കണ്ണും നട്ടിരിക്കുന്ന വൈശാഖിനെ നോക്കി ശിവ പറഞ്ഞു:-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

"പി.ടി. പിരിയഡ് ഇപ്പോ കഴിയും...
ബെല്ലടിക്കാറായി.. നീ വരുന്നില്ലേ..?"

- മനസ്സിന്റെ മായാജാലത്തിൽ മയങ്ങിയ അവനെ ഉണർത്തും വിധമായിരുന്നു അവളുടെ സ്വരം.

"ആ... വരാം..." - ഇത് പറയുമ്പോഴും തട്ടത്തിൽ മറഞ്ഞ അവളുടെ മുഖമാണവൻ ശ്രദ്ധിച്ചത്.

'എന്തൊരു ഭംഗി' - അവളുടെ ചുണ്ടിലെ ലിപ്സ്റ്റിക്കിന്റെ ചുവചുവപ്പ് അവന്റെയുള്ളിൽ അഗ്നിയായ് കത്തി. അവന്റെ ഉറ്റ സുഹൃത്താണ് ശിഫ. പഠിത്തം ഏഴാം ക്ലാസ്സിലാണെങ്കിലും പക്വത ഒരു പത്താം ക്ലാസ്സുകാരിയെപോലെ....

അരിച്ചെത്തുന്ന പ്രകാശരശ്മികൾ ബ്ലാക്ക് ബോർഡിനെ കൂടുതൽ തെളിമയുള്ളതാക്കി. ഗ്രൗണ്ട് വിട്ട് ഇനിയും കുറേപേർ വരാനിരിക്കെ അവൻ സ്വന്തം ഇരിപ്പിടത്തിൽ ആസനസ്ഥനായി...

എതിർവശത്ത് തന്റെ നേർബെഞ്ചിലിരിക്കുന്ന ശിഫയെ ഇടയ്ക്കിടയ്ക്ക് ഇടക്കണ്ണിട്ടും ഒളിഞ്ഞും തെളിഞ്ഞും നോക്കുമ്പോൾ "എന്താടാ., നിനക്കവളോട് വല്ലതും..?" എന്ന കൂട്ടുകാരുടെ കളിയാക്കലുകൾ കാതിൽ പതിഞ്ഞു.

അല്ല.. ഇത് അവർ കരുതുന്നത് പോലെ ~~പ്രേമമൊക്കെ~~ പ്രേമമൊന്നുമല്ല.. ഇത് വേറെയെന്തോ വികാരമാണ്.. ആരും പറഞ്ഞ് പഠിപ്പിച്ചിട്ടില്ലാത്ത ഒരു തരം വികാരം..

ആരോ തന്നെ വീക്ഷിക്കുന്നത് പോലെ.. അല്ല.. താനാണ് മറ്റുള്ളവരെ വിലയിരുത്തുന്നതും വീക്ഷിക്കുന്നതും. റോക്കറ്റ് വിട്ട് കളിക്കുന്നവരും, തിടുക്കം പിടിച്ച് അടുത്ത പിരിയഡ് ടീച്ചറെ വിളിക്കാൻ പോകുന്നവരും അവന്റെ മുമ്പിൽ നിശ്ചലമായത് പോലെ അവന് തോന്നി.. എന്തിന് കാറ്റുപോലും അവന്റെ മുമ്പിൽ നിശ്ചലമായി...

ഇന്നലെ വാരാന്തപ്പതിപ്പിൽ വന്ന 'ആണും പെണ്ണും കെട്ടവന്റെ' കഥയെക്കുറിച്ച് അച്ഛൻ പറയുന്നത് കേട്ടപ്പോ.. "ആണും പെണ്ണും കെട്ടവനോ..? അതെന്താ സാധനം"

-വെറും ഏഴാം ക്ലാസ്സുകാരന്റെ മനസ്സ് ഉത്തരത്തിനായി തുടിച്ചപ്പോൾ നിശ്ചലമായതെല്ലാം വീണ്ടും ജീവൻ വച്ചു.

പച്ചയിൽ കറുത്ത കുത്തുള്ള സാരി ധരിച്ച് ഗമയിൽ വരുന്ന കണക്ക് ടീച്ചറുടെ 'എൻട്രി'യും ഉടനെ തന്നെയായിരുന്നു.
"ഗുഡ്ഡ്.. ഈൗവനിംഗ്ഗ് ടീച്ചർർ.."

-എന്ന സംഘഗാനത്തിന് ശകലം ആള താളക്കുറവ്.

പുറത്ത് കാർമേഘങ്ങൾ ഇരുണ്ടുകൂടി. പ്രകൃതിയൊരുക്കുന്ന മഴയാകുന്ന സംഗീത- വിരുന്നിൽ അവൻ ലയിച്ചിരുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മേഘങ്ങൾ കരയുമ്പോൾ മഴയായി ഭൂമിയിലേക്ക്. സാധാരണ പെണ്ണുങ്ങളാണ് കൂടുതൽ കരയുക എന്ന് കേട്ടിട്ടുണ്ട്.. "അപ്പോൾ ഈ കാണുന്നതെല്ലാം പെൺമേഘങ്ങളാണോ..?" ആശ്ചര്യം അവന്റെ കണ്ണുകളിൽ തത്തിക്കളിച്ചു. ~~"അല്ലെങ്കിൽ ആണാവാൻ കൊതിക്കുന്ന~~ "അല്ലെങ്കിൽ പെണ്ണാവാൻ കൊതിക്കുന്ന ആൺമേഘങ്ങളുമുണ്ടാവാം.. അല്ലേ..?"

-അവൻ ആരോടെന്നില്ലാതെ ചോദിച്ചു.

മഴ കാരണം പി.ടി. നഷ്ടപ്പെട്ട അടുത്ത ക്ലാസ്സിലെ കുട്ടികൾ നിരാശയോടെ ക്ലാസ്സിലേക്ക് തിരിച്ചുപോകുന്നതും, അവരെ നോക്കി എന്തോ ഒന്നുദ്ദേശിക്കുന്ന പോലെ ശാസനാരൂപത്തിലുള്ള കണക്ക് ടീച്ചറുടെ നോട്ടവും, ഈ നോട്ടം കണ്ട് പെൺപിള്ളേർ കുണുങ്ങി ചിരിക്കുന്നതും, ഈ ചിരി ആൺ-പിള്ളേരുടെ വശത്തേക്ക് പടർന്നതുമെല്ലാം വൈശാഖിനെ തട്ടിവിളിക്കുന്നുണ്ടെങ്കിലും.

ചിന്തയിലാണ്ട മനസ്സ് മറുപടി നൽകുന്ന ലക്ഷണമില്ല...

എന്തെന്നില്ലാത്ത ശൂന്യത അവനെ വരിഞ്ഞുമുറുക്കി. ആ ശൂന്യതയിൽ അവന്റെ മനസ്സ് വിതുമ്പി. ആ ശൂന്യതാ-വിലാപത്തിലേക്കുള്ള കടന്നുകയറ്റം പോലെ പുസ്തകത്തിലെ സമവാക്യം ടീച്ചർ ഉറക്കെ പറഞ്ഞു! അതവൻ കേട്ടില്ലെന്നുവരുത്തി. ബോർഡിൽ വരച്ചിട്ടിരിക്കുന്ന വൃത്തം അവന് തന്റെ അമ്മ നെറ്റിയിൽ ചൂടാറുള്ള വലിയ പൊട്ട് പോലെ തോന്നി, അല്ലെങ്കിൽ മനസ്സ് തോന്നിപ്പിച്ചു, അല്ലെങ്കിൽ തന്റെയുള്ളിൽ ആർത്തലച്ച് പെയ്യുന്ന 'വൈഗ'യുടെ കരച്ചിലാ-യിരിക്കാം...

അസ്ഥാനത്ത് ഭയം കടന്നുകൂടി. മഴയിൽ തണുപ്പടിച്ച് മരവിച്ച ഓർമകൾ പത്തി വിടർത്തി. ഇന്നലെ വീട്ടുവളപ്പിൽ കണ്ട ഇരവിഴുങ്ങി കിടക്കുന്ന പാമ്പിന്റെ ലിംഗമെന്താണ്..?. ആണോ.. അതോ.. പെണ്ണോ..?

തന്റെ ശരീരവും മനസ്സും ഇതുപോലെ
രണ്ട് ധ്രുവങ്ങളിൽ കുടിയേറുമ്പോൾ
തനിക്കും ഈവക സംശയങ്ങൾ ഉടലെടുത്തി-
രിക്കുന്നു.

ആ മഴയ്ക്ക് ശേഷം മൂകത
തളംകെട്ടിനിന്നു. അവസാന ബെല്ലടിക്കും വരെ
അത് തുടർന്നു. ഓർമ്മകൾ തന്റെ
മനസ്സിലേക്കൊഴുക്കിയ ചിന്തകളുടെ
പ്രവാഹങ്ങളെ ആവുന്നത്ര കൈക്കുമ്പിളിൽ
ശേഖരിക്കാനവന് പ്രയാസമുണ്ടായിരുന്നില്ല...
തിരിച്ച് വീട്ടിലേക്ക് പോകുമ്പോൾ
ബസ്സിലേക്ക് മുന്നിലത്തെ 'ഡോറി'ലൂടെ
പോകണമെന്നും, സ്ത്രീകൾക്കനുവദിച്ച
സീറ്റിലിരിക്കാനും ആശ... മറന്നു-
പോയെന്നു കരുതി മനസ്സിൽ കുഴിച്ചുമൂടിയ
കസിൻചേട്ടന്റെ മുഖം വീട്ടിലേക്ക്
മടങ്ങുമ്പോൾ ആണ് ഓർമ്മകളുടെ ഓളങ്ങൾ
തിരയടിച്ചത്. ബസ്സിൽവെച്ച് എന്റെയീ പെൺ
മോഹത്തെക്കുറിച്ച് പറഞ്ഞപ്പോൾ പല്ലുകൾക്ക്

ഇടയിലൂടെ അസ്സലൊരു 'ബർഗറിന്റെ ഗന്ധമടങ്ങിയ കാറ്റടിപ്പിച്ചുകൊണ്ട് "അയ്യേ.. നീയൊരു സിസ്സി ബോയ്" ആണെന്ന് പറയാൻ വേണ്ടി മാത്രം ചുണ്ടുകളെ വേർപ്പെടുത്തി..

തിരിച്ച് വീട്ടിലെത്തിയപ്പോൾ സ്വീകരണ-മുറിയിൽ കൊള്ളാവുന്നതിനപ്പുറം വിരുന്നുകാർ... അവന്റെ ശ്രദ്ധവീണത് ആ പഴയ സോഫയിലിരിക്കുന്ന പെൺകുട്ടിയെ-യാണ്. അവളുടെ ഉടുപ്പിലെ പൂമൊട്ടുകൾ അവന്റെയുള്ളിലാണ് വിരിഞ്ഞത്. കണ്ണുകൾക്ക് തുടർച്ചയായി നടൽപാലം പോലെ കൺമഷി കണ്ട് അവനും തിടുക്കമായി അവളെ പോലെ ഒരുങ്ങാൻ... അവർ പോകുന്നത്വരെയും പെൺചേഷ്ടകൾ പുറത്തുവരാതെ അവൻ ശ്രദ്ധിച്ചു.

എല്ലാവരും പോയി കഴിഞ്ഞപ്പോൾ അമ്മയുടെ മുറിയിലേക്ക് ഒരു കള്ളനെ

പോലെ കയറി കണ്ണാടിയുടെ മുമ്പിൽ ...
നിന്നുകൊണ്ട്, നെറ്റിയിൽ ~~വീണ~~ പൊടിഞ്ഞ
വിയർപ്പിനെ തുടച്ചുകൊണ്ടവൻ പറഞ്ഞു:
"ശെ.. ഈ ആൺശരീരം എനിക്ക്
ഒട്ടും ചേരുന്നില്ല"

പിന്നീട് അലമാരയി വളയും മാലയുമെല്ലാം
അവനുള്ളതായി. സൗന്ദര്യവർദ്ധകവസ്തുക്കൾ
പൂശി, നഖങ്ങളിൽ ചായം പകർന്ന്,
ഒരു ഷാളുമെടുത്ത് മാറ് മറച്ചപ്പോൾ:
"ആഹാ.. തനി പെണ്ണ്..."
തന്റെ മാദകസൗന്ദര്യത്തെ കണ്ണാടി കൂടുതൽ
പ്രതിഫലിപ്പിക്കവെയാണ് ആ പ്രകാശത്തെ
അണയ്ക്കും വിധം അമ്മയുടെ വിളി:-

"ടാ, എന്തൊന്നുത്താടാ നീ ചെയ്തെ..?"
- അമ്മയുടെ സ്വരഭേദങ്ങളിൽ
ഞാൻ ഞാനല്ലാതായി. അച്ഛന്റെ നോട്ടവും
തീക്ഷ്ണമായിരുന്നു. ഇടയ്ക്കിടെയുള്ള

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കുത്തുവാക്കുകൾ എന്നെ വല്ലാതെ നോവിച്ചു. "നീ ഒമ്പതാടാ" എന്ന് സ്കൂളിൽ കളിയാക്കുമ്പോഴും, ഹാജരെടുക്കുമ്പോൾ വൈശാഖിന് പകരം വൈഗ എന്ന് വിളിക്കാൻ ഞാൻ കൊതിച്ചു.

കാറ്റിന്റെ കുസൃതിക്കൊപ്പം എന്റെ ഉള്ളിലെ പെണ്ണിന് കുലുങ്ങി ചിരിക്കണം എന്നുണ്ടായിരുന്നു. പക്ഷേ, പെണ്ണാവാൻ ഒരു ഭയം.. എല്ലാവരുടേയും അറപ്പുള്ള നോട്ടവും, ചില കൈകൾക്ക് സ്ഥാനാന്തരം സംഭവിക്കുന്നതും എന്റെയുള്ളിലെ അവളുടെ വെളിച്ചം കെടുത്തി.

പിന്നീട് എന്നെ അടുത്ത അദ്ധ്യയനവർഷത്തിൽ ബോയ്സ് സ്കൂളിലേക്ക് മാറ്റി.. ആണുങ്ങൾ മാത്രമുള്ള സ്കൂൾ... എന്റെ മനസ്സിന് ചർദ്ദിക്കാൻ വരുന്നത് പോലെ. എന്റെയുള്ളിലെ അവളുമായി എനിക്ക് ബന്ധം നഷ്ടപ്പെട്ടത് പോലെ...

എനിക്കും അവൾക്കുമിടയിൽ വിങ്ങികെട്ടിനിന്ന ഭ്രാന്തമായ മൗനം... തന്റെ കഴുത്തിൽ മാലയുണ്ടെന്ന്, തന്റെ കാതിൽ കാറ്റിനൊപ്പം ചലിക്കുന്ന കമ്മലുകളുണ്ടെന്ന്, തന്റെ കാലിലെ പാദസരങ്ങളുടെ കിലുക്കം എങ്ങും മുഴങ്ങുന്നുണ്ടെന്ന് അവൻ സങ്കൽപ്പിച്ചു. ചന്ദ്രപ്രഭയിൽ തിളങ്ങുന്ന ഒരു സുന്ദരി എന്നവൻ സ്വയം വിശ്വസിച്ചു.

നിറംകെട്ട ജീവിതത്തിനിടയ്ക്ക് ഒരു 'ബ്രേക്ക്' എന്ന പോലെ അവന്റെ കുടുംബം ഇപ്പോൾ യാത്രയിലാണ്. റോഡിലെ സ്ത്രീകളുടെ നടത്തത്തിലെ ശൈലി അവനെ പുളകം കൊള്ളിച്ചു. ഇടയ്ക്ക് വൈഗ ഉള്ളിൽ നിന്നും ചോദിക്കുന്നുണ്ടായിരുന്നു:-

"എനിക്കെപ്പോൾ പുറത്തുവരാനാകും?"

- മറുപടി നൽകാൻ അമ്മയുടെ അവജ്ഞ നിറഞ്ഞ മുഖം മാത്രം...

ഇടയ്ക്കാണ് അച്ഛന്റെ സ്വരം:

"മലബാറിൽ കയറി 'ഫുഡ്' കഴിച്ചിട്ടാവാം ബാക്കി കാര്യങ്ങൾ..."

തീൻമേശയിൽ നിറഞ്ഞ വിഭവങ്ങൾ ഞാൻ വലുതായി പെണ്ണായി കല്ല്യാണം കഴിച്ചു പോകുമ്പോൾ കൊടുക്കുന്ന സ്ത്രീധനമായി അവന് തോന്നി.., അല്ലെങ്കിൽ തോന്നിപ്പിച്ചു.. വൈഗയായിരിക്കാം.. ~~ഏഴാം~~ ഏഴാം ക്ലാസ്സിൽ തുടങ്ങിയ തന്റെയീ പെൺമോഹം ഒമ്പതാം ക്ലാസ്സിൽ എത്തിനിൽക്കുമ്പോൾ ചിന്തകളും ഒരുപാട് വളർന്നിരിക്കുന്നു... പക്ഷേ, തനിക്ക് പഴയ ആ സ്കൂളും, ശിഫയും, പെൺസുഹൃത്തുക്കളുമാണ് ഇന്നും പ്രിയം. അവൻ പെൺകുട്ടികൾക്കിടയിൽ അനുഭവിച്ച സുരക്ഷിതത്വം.. ആ സുരക്ഷിതാവസ്ഥയിലായിരിക്കാം വൈഗ പിറന്നതും വളർന്നതും...

ശാന്തതയിലേക്ക് കണ്ണടുത്തെറിഞ്ഞപോലെ
'വാഷ്റൂം' എന്ന ബോർഡ് ലക്ഷ്യമാക്കി
അവൻ നടന്നു. അവിടെ വീണ്ടും മൂന്ന്
വഴികാട്ടികൾ :-

"ആൺ", "പെൺ", "മറ്റുള്ളവർ"

പുറത്തുചാടാൻ വെമ്പുന്ന വികാരങ്ങളെ
അവൻ ഉള്ളിലൊതുക്കി. ശ്വാസകോശം
കൂടുതൽ ശ്വാസത്തിനായി കേണു.

എപ്പോഴും [illegible] നിരാശയുടെ
തിരമാലകൾ ആഞ്ഞടിക്കുന്ന ആൺശരീരമാ-
കുന്ന കടൽത്തീരത്ത്; പുറത്തുവന്ന്
സ്വാതന്ത്ര്യമായി പറക്കാൻ സാധിക്കും എന്ന
പ്രതീക്ഷയാകുന്ന മഴയിൽ അവന്റെയുള്ളിലെ പെൺകുട്ടി
നനഞ്ഞുകൊണ്ടിരിക്കവേ അവൻ ഒരു
വാതിൽ തിരഞ്ഞെടുത്തു:

"മറ്റുള്ളവർ"